# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1909 — 05.10.2016 ന് മറുപടിയ്ക്ക്

## ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്ത ആനകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്ത എത്ര ആനകൾ ഉണ്ട്; | (എ) സംസ്ഥാനത്ത് 08.10.2015 തീയതിയിലെ കണക്കുകൾ പ്രകാരം 289 നാട്ടാനകൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ല. |
| (ബി) ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്ത ആനകളെ ഉത്സവങ്ങൾക്കും മറ്റ് ചടങ്ങുകൾക്കും ഉപയോഗിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്ത ആനകളെ ഉത്സവങ്ങൾക്കും മറ്റ് ചടങ്ങുകൾക്കും ഉപയോഗിക്കുന്ന സാഹചര്യം ഉണ്ടാവുമ്പോൾ നിയമപ്രകാരം വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) ആനകൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഉറപ്പ് വരുത്താൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) കേരളത്തിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്തതും എന്നാൽ അനധികൃതമായി എത്തിച്ചതല്ലാത്തതുമായ നാട്ടാനകളെ രജിസ്റ്റർ ചെയ്യുന്നതിന് ഒരു മാസത്തെ സമയം വന്യജീവി വിഭാഗം മുഖ്യവനപാലകന് നൽകി 26.02.2016 ൽ ജി.ഒ (ആർ.റ്റി)നം. 84/2016/വനം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിശ്ചിത ഒരു മാസത്തിനുള്ളിൽ ഉടമസ്ഥാവകാശമില്ലാത്ത ആനകളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിരുന്നില്ല. തുടർന്ന് 04.05.2016 ൽ ബഹു. സുപ്രീം കോടതി WP(C)743/14 നമ്പർ കേസ്സിന്റെ ഇടക്കാല ഉത്തരവിൽ, ജി.ഒ (ആർറ്റി)നം. 84/2016/വനം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ ആയത് റദ്ദാക്കുവാൻ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് നിലനിൽക്കുന്നതിനാൽ ഈ കേസ്സിൽ സുപ്രീം കോടതിയുടെ അന്തിമ വിധി വന്നതിനു ശേഷം നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ